بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 04.01.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**04.01.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

### ഈ ജമാഅത്തിൽ പ്രവേശിച്ചതിനാൽ, നന്മയുള്ളവരും ഭയക്തിയുള്ളവരും എല്ലാ തിന്മകളിൽ നിന്ന് രക്ഷ പ്രാപിക്കാൻ പരിശ്രമിക്കുകയും ദിനരാത്രങ്ങളിൽ കേണപേക്ഷിക്കുകയും നാവ് മൃദുലമാക്കി വെക്കുകയും പശ്ചാത്താപത്തെ ദിനചര്യയാക്കുകയും നമസ്കാരത്തിൽ ദുആ ചെയ്യുകയും ചെയ്യുക.
### വഖ്ഫെ ജദീദിന്റെ അനുഗ്രഹപൂർണമായ 62-ാം വർഷാരംഭ വിളംബരവും.
### ധനത്യാഗം സമർപ്പിച്ച ജമാത്തംഗങ്ങളുടെ വിശ്വാസവർദ്ധക സംഭവങ്ങളുടെ വിവരണവും.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅവുദും സൂറ: ഫാത്തിഹയും ഓതിയതിനും ശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഇന്ന് 2019 ലെ ആദ്യത്തെ ജുമുഅ ദിവസമാണ്. ഇതിനെ മുൻനിർത്തി ഞാൻ എല്ലാ രാജ്യത്തെയും അഹ്മദികൾക്ക് ആദ്യം തന്നെ നവവർഷാശംസകൾ നേരുകയാണ്. അല്ലാഹു ഈവർഷം നമുക്കായി അനുഹ്രപൂർണമാക്കട്ടെ. എണ്ണമറ്റ വിജയങ്ങൾ കൊണ്ടുവരുന്നതായിത്തീർക്കട്ടെ. എന്നാൽ ഈ ആചാരപരമായ ആശംസ മാത്രം പ്രയോജനം നല്കില്ലെന്ന കാര്യം നാം ഓർക്കേണ്ടതാണ്. അതുപോലെ ഈ ആചാരപരമായ ആശംസ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതും ആവുകയില്ല. നവവർഷത്തിന്റെ യഥാർത്ഥ ആശംസ എന്നത്, അല്ലാഹു നമുക്ക് മറ്റൊരു വർഷത്തെ സൂര്യനെ കൂടി കാണാനും അതിൽ പ്രവേശിക്കാനും സൗഭാഗ്യം നല്കിയിരിക്കുകയാണ്. അതുകൊണ്ട് നാം നമ്മുടെ ഉള്ളിലെ ബലഹീനതകളെയും അന്ധകാരത്തെയും ദൂരീകരിക്കാൻ ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. കഴിഞ്ഞ വർഷം ഉണ്ടായിപോയ ആ ബലഹീനതകളെയും അലസതകളെയും നാം ദൂരീകരിക്കുമെന്നും പ്രതിജ്ഞ ചെയ്യുക. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബൈഅത്ത് പ്രതിജ്ഞയിൽ പറഞ്ഞ ആ പരിശുദ്ധ മാറ്റം, തന്റെ ഉള്ളിൽ മുമ്പത്തെക്കാളുപരി സൃഷ്ടിച്ചെടുക്കാൻ പരിശ്രമിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ ഒരു അഹ്മദി എപ്രകാരമായിരിക്കണമെന്ന് വിശദീകരിച്ച് കൊണ്ട് പറഞ്ഞു: ഈ ജമാഅത്തിൽ പ്രവേശിച്ച് കഴിഞ്ഞതിനാൽ നന്മയുള്ളവനും ഭയഭക്തിയുള്ളവനുമായി മാറാൻ ശ്രമിക്കുക. എല്ലാവിധ തിന്മകളിൽ നിന്നും രക്ഷ നേടുക. ദിനരാത്രങ്ങളിൽ അവനോട് കേണപേക്ഷിക്കുക. നാവിനെ മൃദുലമാക്കി വെക്കുക. ഇസ്തിഅ്ഫാറിനെ തന്റെ ശീലമാക്കി വെക്കുക. നമസ്കാരങ്ങളിൽ ദുആ ചെയ്യുക. എന്നാൽ നമസ്കാരത്തിന്റെ കടമ നിറവേറ്റപ്പെടുമ്പോഴാണ് (സ്വീകാരപ്രദമായ) ദുആകൾ നമസ്കാരത്തിൽ ചെയ്യാനും അത് ഭംഗിയായി നിർവഹിക്കാനും സാധിക്കുന്നത്. അല്ലാഹു വെറും വാക്കുകളിൽ സന്തോഷിക്കുന്നവനല്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമങ്ങളും വെച്ചിരിക്കുന്നു. എന്തൊന്നിലാണോ ഒരണു പോലും മാലിന്യമില്ലാത്തത് അതിനെയാണ് സൽകർമ്മം എന്ന് പറയുന്നത്.

അതുകൊണ്ട് നാം ഈ നിലവാരവും ഈ പ്രവർത്തന മാർഗവും അനുസരിച്ച് ഈ വർഷം പ്രവർത്തിക്കുന്നവരായി മാറുകയും ഈ കാര്യങ്ങൾ സ്വയത്തമാക്കുവാൻ നമ്മുടെ എല്ലാ വിധ കഴിവുകളും വിനിയോഗിക്കുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും ഈ വർഷം, നമുക്ക് ആശംസ നിറഞ്ഞതും ധാരാളം അനുഗ്രഹങ്ങൾ നല്കുന്നതുമായ വർഷമായി മാറുന്നതാണ്. എന്നാൽ ഞാൻ പറഞ്ഞത് പോലെ, ഇനി അങ്ങനെയല്ലായെങ്കിൽ, നമ്മുടെ ഈ ആശംസാപ്രകടനം വെറും ആചാരമായി അവശേഷിക്കുന്നതാണ്. പുതുവർഷത്തിന്റെ ആദ്യരാത്രിയിൽ തഹ്ജ്ജുദും സുബഹി (നമസ്കാരം)ജമാഅത്തോട്കൂടി അനുഷ്ഠിച്ചതും വർഷത്തെ എല്ലാ നന്മകളുടെയും മേൽ ആധിപത്യം നേടുന്നതായിരിക്കില്ല. എന്നാൽ ഈ പരിശ്രമത്തെ കഴിവനുസരിച്ച് മുഴുവർഷവും തുടർന്ന് കൊണ്ടിരിക്കുക എന്നതാണ് യഥാർത്ഥ നന്മ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ. യഥാർത്ഥനിലയിൽ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും ഈ വർഷം എണ്ണമറ്റ അനുഗ്രഹംകൊണ്ട് വരുന്നതായിരിക്കട്ടെ. ജമാഅത്തിന് അസാധാരണമാംവിധം പുരോഗതി ലഭിക്കുന്നത് നാം കാണുന്നവരുമാകട്ടെ.

ഹുസൂർ അൻവർ പറയുന്നു: ഇതിന് ശേഷം ഞാൻ ഇന്നത്തെ രണ്ടാമത്തെ വിഷയത്തിലേയ്ക്ക് വരികയാണ്. ജനുവരി മാസത്തിലെ ഒന്നാമത്തെയോ രണ്ടാമത്തെയോ ഖുത്ബയിൽ സാധാരണ വഖ്ഫെ ജദീദിന്റെ പുതുവർഷ വിളംബരം ചെയ്യപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിന് ഒരു പ്രത്യേകമായ വ്യതിരിക്തതയുണ്ട്. ഇത് എന്ത് കൊണ്ട് ഉണ്ടാവില്ല? കാരണം ഈ കാലഘട്ടത്തിൽ ഹദ്റ

ത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആന്റെയും നബി (സ) തിരുമേനിയുടെയും കല്പനകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ഈ ധനത്യാഗത്തിന്റെ പ്രത്യേകമായ ഗ്രാഹ്യം നമുക്ക് നല്കിയിരിക്കുന്നു. വിശുദ്ധ ഖുർആനിലെ വിവിധ സ്ഥലങ്ങളിൽ അല്ലാഹു,അവന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഇത് അല്ലാഹുവിന് നമ്മുടെ ധനത്തിന്റെ വല്ല ആവിശ്യവുമുണ്ട് എന്നത് കൊണ്ടല്ല. മറിച്ച് നമുക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടിയാണ്. അതുപോലെ ജമാഅത്തിനും പ്രയോജനം എത്തുന്നതിന് വേണ്ടിയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّ مِنْ أَزْوَٰجِكُمْ وَأَوْلَٰدِكُمْ عَدُوًّا لَّكُمْ فَٱحْذَرُوهُمْ ۚ
وَإِن تَعْفُواْ وَتَصْفَحُواْ وَتَغْفِرُواْ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ۝

(അത്താഗാബുൻ: 18) ..

അതായത്, അല്ലാഹുവിന് നിങ്ങൾ നല്ലനിലയിൽ കടം നല്കുന്നതായാൽ അവൻ അത് വർദ്ധിപ്പിക്കുന്നതാണ്. നിങ്ങൾക്ക് മാപ്പ് നല്കുന്നതാണ്. അവൻ വിലയിരുത്തുന്നവനും സഹനശീലനുമാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: അതുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് മൂലം അല്ലാഹു വർദ്ധിപ്പിച്ച് നല്കുന്നതാണ്. ഈ ധനത്യാഗത്തിലൂടെ വ്യക്തിപരമായ പുരോഗതിയുമുണ്ട്. അതുപോലെ ജമാഅത്ത്പരമായ പുരോഗതിയുമുണ്ട്. അത് അംഗങ്ങളുടെ പുരോഗതിക്കുള്ള മാർവുമായി മാറുന്നു. നബി (സ) തിരുമേനി പറയുന്നു: പിശുക്കിൽ നിന്ന് രക്ഷ നേടുക. ഈ പിശുക്കാണ് മുൻസമൂഹങ്ങളെ നശിപ്പിച്ചത്. അതുപോലെ മറ്റൊരവസരത്തിൽ അവിടുന്ന് പറയുന്നു: അഗ്നിയിൽ നിന്ന് രക്ഷ നേടുക. അതിനായി പകുതി കാരക്ക ചെലവഴിക്കാനുള്ള ശക്തി മാത്രമാണെങ്കിലും ശരി.

പറയുന്നു: നിസാരമായ ചെലവായാലും ശരി, അല്ലാഹുവിന്റെ മാർഗത്തിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി നല്കുകയെന്നത് അഗ്നിയിൽ നിന്ന് രക്ഷിക്കുന്നതാണ്. അതുകൊണ്ട് ഈ ധനത്യാഗം നമുക്ക് പ്രയോജനം ലഭിക്കാൻ വേണ്ടിയുള്ളതാണ്. ഈ ധനത്യാഗത്തിന്റെ പ്രാധാന്യത്തിലേക്ക് ശ്രദ്ധ തിരിച്ച് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ധനത്തേയും സ്നേഹിക്കുക, അല്ലാഹുവിനെയും സ്നേഹിക്കുകയെന്നത് നിങ്ങൾക്ക് സാധിക്കുകയില്ല. ഒന്നിനെ മാത്രംസ്നേഹിക്കാൻ സാധിക്കുന്നതാണ്. അതിനാൽ അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് ഭാഗ്യവാൻ. ഇനി ഒരുപക്ഷേ നിങ്ങളിൽ ആരെങ്കിലും അല്ലാഹുവിനോടുള്ള അനുരക്തിയാൽ അവന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നതായാൽ ആ ധനത്തിൽ മറ്റുള്ളവരെക്കാൾ അധികം അനുഗ്രഹം നല്കുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. കാരണം ധനം സ്വയം ഉണ്ടാകുകയില്ല. മറിച്ച് അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഏതൊരു വ്യക്തിയാണോ തന്റെ ധനത്തിന്റെചില ഭാഗങ്ങൾ അല്ലാഹുവിന് വേണ്ടി ഉപേക്ഷിക്കുന്നത്, അത് അവന് തീർച്ചയായും ലഭിക്കുക തന്നെ ചെയ്യും. എന്നാൽ ഏതൊരു വ്യക്തിയാണോ ധനത്തെ സ്നേഹിച്ച് കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ചെയ്യേണ്ട സേവനം ചെയ്യാത്തത് അവന് ആ ധനം നഷ്ടപ്പെട്ട് പോകുന്നതാണ്. നിങ്ങളുടെ പരിശ്രമഫലമായിട്ടാണ് ധനം ഉണ്ടാകുന്നതെന്ന് വിചാരിക്കരുത്, മറിച്ച് അല്ലാഹുവിൽ നിന്നാണ് അത് വരുന്നത്. നിങ്ങൾ ധനത്തിന്റെ വല്ല ഭാഗവും നല്കിയോ അല്ലെങ്കിൽ മറ്റുവല്ല വിധത്തിലും സേവനം നല്കിയോ അല്ലാഹുവിന്റെയും ദൈവനിയുക്തന്റെയും മേൽകുറച്ച് ഔദാര്യംകാണിച്ചുവെന്ന് വിചാരിക്കരുത്. മറിച്ച് നിങ്ങളെ സേവനത്തിനായി വിളിച്ചത് അവന്റെ ഔദാര്യമാണ്. ഇത് വനലോകത്തെ ജോലിയാണെന്ന് നിങ്ങൾ മനസിലാക്കി കൊള്ളുക. നിങ്ങളുടെ സേവനം നിങ്ങളുടെ നന്മയ്ക്ക് വേണ്ടിയുള്ളത് മാത്രമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ വന്നവർ ത്യാഗത്തിന്റെയും സേവനത്തിന്റെയും ആത്മാവ് മനസിലാക്കിയെന്നല്ല, ശരിയാംവിധം മനസിലാക്കിയിരിക്കുന്നു. അകമഴിഞ്ഞ ശ്രദ്ധ ത്യാഗത്തിന് നല്കികൊണ്ടിരിക്കുന്നു. ഇത് അഹ്മദിയ്യത്ത് സ്വീകരിച്ച് വർഷങ്ങളായവരിൽ മാത്രമല്ല, മറിച്ച് പുതിയ അഹ്മദികളും ബൈഅത്ത് ചെയ്തതിന് ശേഷം ഈ ധനത്യാഗത്തിന്റെ ആത്മാവും യാഥാർത്ഥ്യവും മനസിലാക്കിയിരിക്കുന്നവരാണ്. എപ്രകാരമെന്നാൽ,അങ്ങേയറ്റം ദാരിദ്രാവസ്ഥയിൽ ജീവിതം തള്ളിനീക്കുന്നവരാണ്. എന്നാൽ ധനത്യാഗത്തിന്റെ കാര്യത്തിൽ ആരുടെയും പിന്നിലാകാൻ അവർ ആഗ്രഹിക്കുന്നില്ല. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സഹാബാക്കൾ ചെയ്തപോലെയുള്ള ത്യാഗങ്ങൾ ചെയ്യുന്നു. ചില ഉദാഹരണങ്ങൾ അത്തരത്തിലുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ കാലത്ത് അവരെ (സഹാബത്തിനെ) സംബന്ധിച്ച് പറഞ്ഞിരുന്നു: എന്റെ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർത്ഥയിലും ഞാൻ അത്ഭുതപ്പെടുന്നു. അങ്ങേയറ്റം താഴ്ന്ന സാമ്പത്തികനിലവാരമുള്ളവാണ്. അവിടുന്ന് ഉദാഹരണം നല്കുന്നു, മിയാൻ ജമാലുദ്ദീൻ, ഖയ്റുദ്ദീൻ, ഇമാമുദ്ദീൻ കശ്മീരി. പറയുന്നു: എന്റെ ഗ്രാമത്തിനടുത്താണ് താമസിക്കുന്നവരാണ്. ഈ മൂന്ന് സഹോദരൻമാരും ഒരു ദിവസം മൂന്നോ നാലോ അണയുടെ ജോലിയാണ് ഒരുപക്ഷേ ചെയ്യുന്നത്. എന്നിരുന്നാലും പരിശ്രമിച്ചു കൊണ്ട് ചന്ദ നല്കുന്നു. ചന്ദയിൽ പങ്കെടുക്കുന്നു.

ഹുസൂർ അൻവർ അയ്യദഹുല്ലാഹുതആ്‌ല ബനസ്രിഹിൽ അസീസ് മഴുലോകത്തെ ജമാഅത്തുകളിൽ ധനത്യാഗവുമായി ബന്ധപ്പെട്ട നടന്ന ചില വിശ്വാസ വർദ്ധക സംഭവങ്ങൾ വിവരിച്ചു. പറയുന്നു: ഘാനയിലെ ഒരു സുഹൃത്ത് റം പോൻഗ് സാഹിബ്, പറയുന്നു: കുറച്ച് വർഷങ്ങൾക്ക് മുമ്പ് എനിക്ക് എന്റെ വിദ്യാഭ്യാസ സംബന്ധമായി അയ്യായിരം പൗണ്ട് ഫീസ് നല്കേണ്ടതായി വന്നു. അതേസമയം ഞാൻ ജോലിയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ ഞാൻ, പന്ത്രണ്ട് മാസത്തെ എന്റെ ശമ്പളം ഒരുമിച്ച് ചേർത്താലും ഇത്ര തുക തികയുമായിരുന്നില്ല. എന്നിരുന്നാലും എനിക്ക് ബാങ്കിൽ നിന്ന് മൂവായിരം പൗണ്ട് കടം ലഭിച്ചു. എന്റെ ശമ്പളത്തിന്റെ നാൽപ്പത് ശതമാനം എല്ലാ മാസവും കടത്തിന്റെ ഭാഗമായി പിടിച്ചിരുന്നു. എന്നാൽ ചന്ദ ഞാൻ മുഴുവൻ ശമ്പളത്തിന്റെ

യും കണക്കാക്കിയാണ് നല്കിയിരുന്നത്. നാൽപ്പത് ശതമാനം പോകുന്നതിനെ ഞാൻ ഗൗനിച്ചിരുന്നില്ല. പറയുന്നു: ഒരു ദിവസം ഞാൻ കമാശി മിഷൻ ഹൗസിൽചെന്നു. സർക്കറ്റ് മിഷണറി എന്റെ വഖ്ഫെ ജദീദ് വാഗ്ദാനത്തെ കുറിച്ച് ഓർമിപ്പിച്ചു. അപ്പോൾ ഞാൻ കീശയിൽകൈയിട്ട് നോക്കി. അതിൽ എന്റെ വാഗ്ദാനാടിസ്ഥാനത്തിലുള്ള തുകയുണ്ടായിരുന്നു. എന്നാൽ ഞാൻ ചിന്തിച്ചു, ഒരുപക്ഷേ ഞാൻ ഈ തുക ചന്ദയായി നല്കിയാൽ എന്റെ കൈവശം ജോലിയ്ക്ക് പോകാൻ യാത്രാക്കൂലി പോലും ഉണ്ടാകില്ല. പറയുന്നു: എന്നിരുന്നാലും ഞാൻ ആ തുക അപ്പോൾ തന്നെ ചന്ദയായി നല്കി. മിഷൻ ഹൗസിൽ നിന്ന് തിരിച്ച് പോകുകയായിരുന്നു, ഫോണിൽ ഒരു മെസേജ്വന്നു. എന്റെ അക്കൗണ്ടിലേയ്ക്ക് കുറച്ച് പണം വന്നിട്ടുണ്ട്. ആ തുക ഞാൻ ചന്ദയായി നല്കിയതിന്റെ അഞ്ച് ഇരട്ടിയായിരുന്നു. പറയുന്നു: ഞാൻ വിചാരിച്ചു. ഈ തുക ബാങ്കിന് തെറ്റ് പറ്റി വന്നതായിരിക്കും പിന്നീട് അത് തിരിച്ച് വലിച്ചേക്കാം. കാരണം ശമ്പളം മുമ്പ് തന്നെ എന്റെ അക്കൗണ്ടിൽ വന്നിരുന്നു. എന്നാൽ ഞാൻ അടുത്ത ദിവസം ജോലിയ്ക്ക് ചെന്നപ്പോൾ അത് ഗവൺമെന്റിൽ നിന്നും ലഭിച്ച കഴിഞ്ഞ മാസത്തെ ബാക്കി തുകയാണെന്ന് അറിയാൻ സാധിച്ചു. അല്ലാഹു എനിയ്ക്ക് ഭയം ഉണ്ടായിരുന്നിട്ടും ചന്ദ നല്കാനുള്ള ധൈര്യം പ്രദാനം ചെയ്തുവെന്നതിൽ അല്ലാഹുവിന് ഞാൻ നന്ദി രേഖപ്പെടുത്തി. ആ ദിവസം മുതൽ എന്റെ വാഗ്ദാനങ്ങളിലും ചന്ദ നല്കുന്നതിലും ഞാൻ വലിയ ശ്രദ്ധയാണ് നല്കുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ത്യയിലെ ഒരു ഇൻസ്പെക്ടർ ഇഖ്ബാൽ സാഹിബ് എഴുതുന്നു, കാമറണ്ടി ജമാഅത്തിൽ വഖ്ഫെ ജദീദിനെ കുറിച്ച് പറയപ്പെട്ടു. ഒരു യുവാവ് ആ സമയം തന്നെ തന്റെ മുഴുവൻ ചന്ദയും നല്കി. അതിനുശേഷം അന്നുതന്നെ ഒരു വലിയ തുക ലഭിച്ചുവെന്ന അറിവ് അദ്ദേഹത്തിന് ലഭിച്ചു. അതിനായി എട്ട് വർഷത്തിൽ അധികമായി അദ്ദേഹം കാത്തിരിക്കുകയായിരുന്നു. ഇത്ര സമയം കഴിഞ്ഞതിനാൽ അദ്ദേഹത്തിന് ആ തുക ലഭിക്കുമെന്ന പ്രതീക്ഷയും അസ്തമിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന് ആ തുക ലഭിച്ചുവെന്ന് മാത്രമല്ല. അദ്ദേഹത്തിന്റെ താൽക്കാലികമായിരുന്ന ജോലിയും സ്ഥിരമായി. ഇതിൽ അദ്ദേഹം വളരെയധികം സന്തോഷിച്ചു. പറയാൻ തുടങ്ങി, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചത് കൊണ്ട് മാത്രമാണ് ഈ അത്ഭുതം ഉണ്ടായത്. അദ്ദേഹം പറയുന്നു: എല്ലാവർഷവും എന്റെ പതിനഞ്ച് ദിന വരുമാനം വഖ്ഫെ ജദീദിന്റ ചന്ദയായി ഞാൻ നല്കുന്നതാണ്.

മുബലിഗ് റുമാനിയാ, ഫഹീം സാഹിബ് എഴുതുന്നു: ഒരു അഹ്മദി ടൈലറിംഗിന്റെ ജോലിയാണ് ചെയ്യുന്നത്. ചന്ദ നല്കുന്ന കാര്യത്തിൽ വലിയ കൃത്യതയാണ് കാണിച്ചിരുന്നത്. വലിയ സന്തോഷത്തോടെയും ആത്മാർത്ഥയോടെയും ചന്ദ നല്കിയിരുന്നു. അദ്ദേഹത്തെ ഓർമ്മപ്പെടുത്തേണ്ടതിന്റെ ആവിശ്യം തന്നെ ഉണ്ടാകുമായിരുന്നില്ല. അദ്ദേഹം പറയുന്നു: ഞാൻ ചന്ദ നല്കാൻ ആരംഭിച്ചത് മുതൽ ഈ കാര്യം എന്റെ അനുഭവത്തിലുള്ളതാണ്, അല്ലാഹുവിന്റെ തൃപ്തിക്കായി ചന്ദ നല്കുന്നതോടൊപ്പം എന്റെ ഉപഭോക്താക്കളുടെ എണ്ണവും വർദ്ധിക്കുന്നു. വരുമാനത്തിലാണെങ്കിൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം ഉണ്ടാകുന്നു. ഹുസൂർ തിരുമനസ്സ് പറയുന്നു: ഇവർ യുറോപ്യൻ രാജ്യങ്ങളിൽ താമസിച്ച് ഭൗതീകതയിൽ കഴിയുന്ന ആളുകളായിരുന്നിട്ട് കൂടി അല്ലാഹു അവരെ അഹ്മദിയ്യത്തിലേയ്ക്ക് കൊണ്ട് വന്ന് തന്റെ അനുഗ്രഹങ്ങൾ നല്കി, വിശ്വാസത്തിൽ ദൃഢചിത്തത പ്രദാനം ചെയ്യുന്നു.

ഇന്ത്യയിലെ ഒരു ഇൻസ്പെക്ടർ സലീം സാഹിബ് എഴുതുന്നു: ജമാഅത്ത് ജയ്പൂറിലെ ഒരു അഹ്മദി സുഹൃത്ത് പ്രൈവറ്റ് സ്ക്കുളിലെ അധ്യാപകനായിരുന്നു. കഴിഞ്ഞ വർഷം വഖ്ഫെ ജദീദ് പദ്ധതിയെ കുറിച്ചും അദ്ദേഹത്തിന്റെ വരുമാനം അനുസരിച്ച് വാഗ്ദനം അയ്യായിരം എങ്കിലും ആയിരിക്കേണ്ടതാണെന്നും അദ്ദേഹത്തോട് പറഞ്ഞു. അതിൽ അദ്ദേഹം പറഞ്ഞു: ഞാൻ സാധാരണ ഒരു പ്രൈവറ്റ്സ്ക്കൂൾ അധ്യാപകനാണ്, ഇത്ര പണം എവിടെ നിന്ന് വരാനാണ്. എന്നിരുന്നാലും അല്ലാഹു അനുഗ്രഹിക്കുന്നതാണെന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. ഈ വർഷം അദ്ദേഹത്തെ രണ്ടാമത് കാണാൻ ചെന്നപ്പോൾ അദ്ദേഹം അതേ സ്ക്കുളിലെ പ്രിൻസിപാളിന്റെ കസേരയിൽ ഇരിക്കുകയാണ്. പറഞ്ഞു: ചന്ദ നല്കിയ കാരണത്താൽ അല്ലാഹു ഈ സ്ക്കുൾ വിലയ്ക്ക് വാങ്ങാനുള്ള തരത്തിൽ അനുഗ്രഹം നല്കി. ഇൻസ്പെക്ടർ സാഹിബ് പറയുന്നു, ഈ സമയം അദ്ദേഹത്തിന്റെ കൈവശം നാല് സ്ക്കുളുകളുണ്ട്. ആദ്യം അദ്ദേഹത്തിന്റെ വീടിന്റെ മേൽക്കൂര തകിട് (തകരം) കൊണ്ട് ഉണ്ടാക്കിയതായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അദ്ദേഹം മൂന്ന് നില കെട്ടിടം പണിതു. അതിൽ ഒരുനില അദ്ദേഹം ജുമുഅ നമസകാരത്തിനായി മാറ്റിവെച്ചിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചത് കൊണ്ട് മാത്രമാണ് ഈ അനുഗ്രഹം ഉണ്ടായത്. അതുകാരണം അദ്ദേഹത്തിന്റെ വിശ്വാസത്തിൽ വർദ്ധനവും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

സദർ ലജ്ന കാനഡ പറയുന്നു: ഒരു മജ്ലിസിൽ പര്യടനത്തിനായി ചെന്നപ്പോൾ ഒരു വനിത പറഞ്ഞു; അവരുടെ പന്ത്രണ്ട് വയസ്സ് പ്രായമുള്ള പെൺകുട്ടിക്ക് സ്ക്കൂളിൽ നിന്ന് എൺപത് ഡോളർ സമ്മാനം ലഭിച്ചു. അത് കൊണ്ട് അവൾ എന്തോ വാങ്ങുവാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ സെക്രട്ടറി വഖ്ഫെ ജദീദിന്റെ പ്രേരണ പ്രകാരം അവൾ സമ്മാനമായി ലഭിച്ച മുഴുവൻ തുകയും ചന്ദയായി നല്കി. അവർ പറയുന്നു: അല്ലാഹു എപ്രകാരം അവളെ അനുഗ്രഹിച്ചെന്നാൽ, അടുത്ത ദിവസം അബ്ദുസ്സലാം സയൻസ് ഫെയറിൽ അവൾക്ക് ഒന്നാം സ്ഥാനം കരസ്ഥമായി അതിലൂടെ മുന്നൂറ് ഡോളർ പ്രതിഫലമായി ലഭിച്ചു. ഇവ്വിധം അല്ലാഹു ആ കുട്ടിയുടെ വിശ്വാസത്തിലും നിശ്ചയത്തിലും പൂർണതനല്കി.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ കാലത്ത് ഒരു പുതിയ ഗയിം ആരംഭിച്ചിട്ടുണ്ട്. FORT NITE. ചില കുട്ടികൾ അതിൽ അവരുടെ പണം പാഴാക്കി കളയുന്നു. മാതാപിതാക്കളും ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ശാഖ സംഘടനകളും അവരെ തടയേണ്ടതാണ്. കാരണം ഒരു സ്റ്റേജിൽ നിന്ന് അടുത്തിലേയ്ക്ക് പോകാൻ കാർഡ് ചോദിക്കുന്നു. പിന്നെ പണം ചെലവാക്കപ്പെടുന്നു. ഈ ഒരു ഗെയിംകാരണം ഒരു ലഹരി പോലുള്ള ശീലം കുട്ടികളിൽ ഉണ്ടാകുന്നു. ഇവർ സമയം നഷ്ടപ്പെടുത്തി കളയുകയും തെ

റ്റായ ചിന്താഗതികൾ അവരിൽ ഉടലെടുക്കുന്നുവെന്നത് മാത്രമല്ല. ചില മാതാപിതാക്കൾക്ക് നഷ്ടവും വന്നു ചേരുന്നു. ഇതിൽ നിന്ന് വിട്ട് നില്കേണ്ടതാണ്. എന്തൊന്നിലേക്കാണ് അല്ലാഹു നമ്മുടെ ശ്രദ്ധ തിരിച്ചത് അതായത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കണമെന്ന ചിന്താഗതി അത്കുട്ടികളിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്. പ്രത്യേകമായും വഖ്ഫെ ജദീദിന്റെ കാര്യത്തിൽ.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ത്യയിലെ കർണാടക (സംസ്ഥാനത്തിലെ) ഒരു ഇൻസ്പെക്ടർ സാഹിബ് എഴുതുന്നു: ഒരു റിഫ്രഷർ ക്ലാസ് സംഘടിപ്പിച്ചിരുന്നു. പറയുന്നു: അതിൽ വിനീതനും നായിബ് നാസിം സാഹിബ് മാൽ വഖ്ഫെ ജദീദിനോടൊപ്പം പങ്കെടുത്തു. നായിബ് നാസിം സാഹിബ് മാൽ അവിടെ ഒരു പ്രാദേശിക മുഅലിം സാഹിബിന്റെ ഭവനത്തിൽവെച്ച്, കഴിഞ്ഞ വർഷം കേരളത്തിൽശക്തമായ പേമാരി ഉണ്ടായിയെന്നും അതുമൂലം വലിയ നാശനഷ്ടങ്ങൾ ഉണ്ടായതിനാൽ വഖ്ഫെ ജദീദിന്റെ വുസൂലിയിൽ കാര്യമായ പ്രയാസം നേരിടുന്നുവെന്നും പറഞ്ഞു. അതിനുശേഷം നായിബ് നാസിം മാൽ മുഅലിം സാഹിബിന്റെ വീട്ടിൽ നിന്ന് പോകുന്നതിന് മുമ്പ്, അദ്ദേഹത്തിന്റെ മക്കൾക്ക് നൂറ് രൂപാവീതം ഉപഹാരമെന്ന നിലയിൽ നല്കി. കുറച്ച് കാലത്തിന് ശേഷം രണ്ടാമത് ആ ജമാഅത്ത് സന്ദർശിച്ചപ്പോൾ, മുഅലിം സാഹിബിന്റെ മക്കൾ ഉപഹാരമായി ലഭിച്ച ആ നൂറ് രൂപകൾ, വഖ്ഫെ ജദീദിൽ ചന്ദയായി നല്കി കൊണ്ട് പറഞ്ഞു: കേരളത്തിന്റെ അവസ്ഥ പ്രളയംകാരണം വളരെ മോശമാണ്. അതുകൊണ്ട് ഞങ്ങളിൽ നിന്ന് ഇത് ചന്ദയായി സ്വീകരിച്ചാലും. പ്രായം കുറവായിരുന്നിട്ട് കൂടി അവരുടെ ഹൃദയത്തിൽ ചന്ദയുടെ പ്രാധാനം വളരെ വലുതാണ്.

ഓസ്ട്രേലിയൻ ജമാഅത്തിലെ സദർ സാഹിബ് വിവരിക്കുന്നു: ഒരു ആത്മാർത്ഥ സുഹൃത്ത് തന്റെ ചന്ദ വഖ്ഫെ ജദീദ് മുഴുവനും അടച്ചു കഴിഞ്ഞിരുന്നു. രണ്ടാമതും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് അതിലുണ്ടായ അദ്ദേഹത്തിന്റെ ബാക്കി തുകയെ കുറിച്ച് ഓർമ്മപ്പെടുത്തി. എന്നാൽ അതിലും അദ്ദേഹം ഭാരിച്ച ഒരു തുക നല്കി. പറയുന്നു: അടുത്ത ദിവസം വൈകുന്നേരം എനിക്ക് അദ്ദേഹത്തിന്റെ ഫോൺ വന്നു. വളരെ വികാരഭരിതനായി കൊണ്ട് പറഞ്ഞു: വിനീതൻ ചന്ദ വഖ്ഫെ ജദീദ് നല്കിയിരുന്നു. അല്ലാഹു ഒരൊറ്റ ദിവസം കൊണ്ട് തന്നെ അത് പൂർത്തീകരിച്ചു. പറയുന്നു: ഞാൻ മൂന്ന് വർഷമായി Food Take Away എന്ന (സ്ഥാപനം) നടത്തി കൊണ്ടിരിക്കുന്നു. എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഒരിക്കൽ പോലും ഇത്ര ഉപഭേക്താകൾ വന്നിരുന്നില്ല എത്രമാത്രമാണ് ഈ തവണ ചന്ദ നല്കിയതിന് ശേഷം വന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ കുറച്ച് കണക്ക് വിവരങ്ങൾ സമർപ്പിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിന്റെ 61-ാം വർഷം 2018 ഡിസംബർ 31 അവസാനിച്ചു. അതിൽ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്ക് 91 ലക്ഷത്തി മുപ്പത്തി നാലായിരം പൗണ്ടിന്റെ ത്യാഗം വരിക്കാൻ ഭാഗ്യം ലഭിച്ചു. ഈ വുസൂലി കഴിഞ്ഞ വർഷത്തേക്കാൾ രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരം പൗണ്ട് അധികമാണ്. പാകിസ്ഥാൻ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. അത് കൂടാതെയുള്ള ബാക്കി പത്ത് രാജ്യങ്ങളുടെ സ്ഥാനങ്ങളിൽ യു.കെ ഒന്നാം സ്ഥാനത്താണ്. രണ്ടാം സ്ഥാനം ജർമനി, പിന്നെ അമേരിക്ക, കാനഡ നാലാം സ്ഥാനത്ത്, പിന്നെ ഇന്ത്യ, ഒസ്ട്രേലിയ, ഇന്തോനേഷ്യ, പിന്നെ മിഡിൽ ഈസ്റ്റിലെ ഒരു രാജ്യമാണ്, അതിനുശേഷം ഘാന, പിന്നെ മിഡിൽ ഈസ്റ്റിലെ മറ്റൊരു രാജ്യം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത്തവണ 17 ലക്ഷത്തി മുപ്പത്തിരണ്ടായിരം പേരാണ് വഖ്ഫെ ജദീദിൽ പങ്കെടുത്തത്. ഒരു ലക്ഷത്തി ഇരുപ്പത്തി മൂവായിരം പേരുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

ഇന്ത്യയിലെ വുസൂലിയുടെ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ; കേരളം, ജമ്മു കാശ്മീർ, കർണാടകം, തെലുങ്കാന, തമിഴ് നാട്, ഒഡീഷ, വെസ്റ്റ് ബംഗാർ, പഞ്ചാബ്, ദില്ലി, ഉത്തർ പ്രദേശ്.

വുസൂലിയുടെ അടിസ്ഥാനത്തിലുള്ള ജമാഅത്തുകൾ: ഹൈദരാബാദ് ഒന്നാം സ്ഥാനത്താണ്. രണ്ടാം സ്ഥാനം ഖാദിയാൻ, പത്തപിരിയം, കോഴിക്കോട്, കൽക്കത്ത, ബാഗ്ളൂർ, ചെന്നൈ, കരുളായി, ഋഷിനഗർ, ദില്ലി. അല്ലാഹു എല്ലാ രാജ്യത്തിലെ പങ്കെടുത്തവരുടെയും സമ്പത്തിലും ആരോഗ്യത്തിലും അനുഗ്രഹംവർഷിക്കുമാറാകട്ടെ. വരും നാളുകളിലും ഉന്നതമായ ത്യാഗങ്ങൾ സമർപ്പിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)

at Baithul Futuh,London – on 04.01.2019

Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516